# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2254 — 11.06.2018 — ൽ മറുപടിക്ക്


# മുൻഗണനാ റേഷൻ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെട്ട എത്ര അനർഹരെ പട്ടികയിൽ നിന്ന് നാളിതുവരെയായി ഒഴിവാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) മുൻഗണനാ പട്ടികയുടെ ശുദ്ധീകരണത്തിന്റെ ഭാഗമായി നിലവിൽ അനർഹരാണെന്ന് കണ്ടെത്തിയ 209749 പേരെ പട്ടികയിൽ നിന്ന് ഒഴിവാക്കി, പ്രസ്തുത ഒഴിവുകളിലേക്ക് അർഹരാണെന്ന് കണ്ടെത്തിയവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാണ്. |
| (ബി) മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) മുൻഗണനാ റേഷൻ കാർഡിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധങ്ങൾ 1, 2, 3 ആയി ചേർത്തിരിക്കുന്നു. |

*സെക്ഷൻ ഓഫീസർ*

അനുബന്ധം-1 5

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബി.പി.എൽ സർവ്വേ 2009 - ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ആക്ഷേപങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം:16/2011/തസ്വഭവ തീയതി, തിരുവനന്തപുരം 14-01-2011

---

പരാമർശം: സർക്കാർ ഉത്തരവ് (കൈ) നം: 62/2009/തസ്വഭവ, തീയതി: 27-04-2009

## ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് പുതിയ ബി.പി.എൽ ലിസ്റ്റ് തയ്യാറാക്കുന്നതിനായി അദ്ധ്യാപകരെ ഉപയോഗിച്ച് വിവര ശേഖരണം നടത്തുന്നതിന് മേൽ പരാമർശം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) ബി.പി.എൽ സർവ്വേ 2009ന് വേണ്ടി അദ്ധ്യാപകർ സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം നടത്തി. എന്യൂമറേറ്റർമാർ നിശ്ചിതവാർഡിലെ നിശ്ചിത പ്രദേശത്തെ എല്ലാ വീടുകളും സന്ദർശിച്ച് തയ്യാറാക്കുവാനുള്ള 'എ' ഫാറവും ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള 'ബി' ഫാറവും ഉൾപ്പെടെ ദാരിദ്ര്യ രേഖാ സർവ്വേയ്ക്കായി രണ്ട് തരം ഫോറങ്ങളാണ് ഉപയോഗിച്ചത്. 'എ' ഫോറം സർവ്വേ ചെയ്യുമ്പോൾ ചില പ്രത്യേക വിഭാഗങ്ങളിൽപ്പെട്ട കുടുംബമാണെങ്കിൽ പ്രസ്തുത കുടുംബം പ്രഥമ ദൃഷ്ട്യാ ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള കുടുംബമാണെന്ന അനുമാനത്തിൽ, ഇത്തരം കുടുംബങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ 'ബി' ഫോറത്തിൽ ശേഖരിയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നു. 'ബി' ഫോറത്തിൽ ദാരിദ്ര്യ നിർണ്ണയത്തിന് ഉതകുന്ന സൂചകങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്.

(3) ദാരിദ്ര്യരേഖാ സെൻസസ്സ് പ്രകാരം ശേഖരിച്ച വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും, ആയതിന്റെ ഡേറ്റാ ബേസ് തയ്യാറാക്കുകയും ചെയ്തു. ദാരിദ്ര്യരേഖാ സെൻസസ്സിന്റെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക ('ബി' ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങളുടെ പട്ടിക) തയ്യാറാക്കി ഈ കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിയ്ക്കുകയും, വെബ്സൈറ്റിൽ നൽകുകയും, ഇത് ഗ്രാമസഭയിൽ സമർപ്പിക്കുകയും ആക്ഷേപങ്ങളും പരാതികളും നൽകുന്നതിന് അവസരം നൽകുകയും ചെയ്തു. ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടികയിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടിക (ബി.പി.എൽ ലിസ്റ്റ്) തയ്യാറാക്കേണ്ടതായ യുണ്ട്.

(4) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക (ബി.പി.എൽ ലിസ്റ്റ്) തയ്യാറാക്കുന്നതിനുള്ള സൂചകങ്ങളും അവയുടെ വെയിറ്റേജിനും സർക്കാർ അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. അംഗീകാരം നൽകിയ സൂചകങ്ങളും വെയിറ്റേജും ഈ ഉത്തരവിന്റെ അനുബന്ധമായി കൊടുത്തിരി ക്കുന്നു.

(5) ദാരിദ്ര്യ രേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള സൂചകങ്ങളുടേയും അവയുടെ വെയിറ്റേജ് മാർക്കിന്റെയും അടിസ്ഥാനത്തിൽ നഗര പ്രദേശങ്ങളിലെയും ഗ്രാമ പ്രദേശങ്ങളിലെയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണെന്ന് ഉത്തരവാകുന്നു.

1. നഗരപ്രദേശങ്ങൾ- നഗര പ്രദേശങ്ങളിൽ ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹരായ (ബി-ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങൾ) എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തേണ്ടതാണ്.

2. ഗ്രാമപ്രദേശങ്ങൾ-

**(i)** ഗ്രാമ പ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ബി-ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങൾ) എല്ലാ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെയും ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**(ii)** ഗ്രാമ പ്രദേശങ്ങളിലെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അർഹതയുള്ള (ബി-ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങൾ) പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ അല്ലാതെയുള്ള കുടുംബങ്ങളിൽ കുറഞ്ഞത് 16 മാർക്കോ അതിലധികമോ ലഭിക്കുന്ന കുടുംബങ്ങളെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**(iii)** മേൽ 1,2 മാനദണ്ഡങ്ങൾ പ്രകാരം ദാരിദ്ര്യ രേഖാ പട്ടിക തയ്യാറാക്കുമ്പോൾ, ദരിദ്രകുടുംബങ്ങളുടെ ശതമാനം ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണത്തിന്റെ 25%-ൽ താഴെ വരുകയാണെങ്കിൽ അത്തരം ഗ്രാമപഞ്ചായത്തുകളിലെ ദരിദ്രകുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്ന കുടുംബങ്ങളുടെ എണ്ണം, പഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ 25 ശതമാനമോ അല്ലെങ്കിൽ ബി- ഫോറത്തിൽ സർവ്വേ ചെയ്ത കുടുംബങ്ങളുടെ എണ്ണമോ അതിൽ ഏതാണോ കുറവ് എന്ന കണക്കിൽ നിജപ്പെടുത്തേണ്ടതാണ്.

(6) ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹനാണെന്ന് കാണുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കും എന്നും ഉത്തരവാകുന്നു.

(7) ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ച അവസരത്തിൽ ലഭിച്ച അപേക്ഷകളും പരാതികളും, ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുമ്പോൾ ഇനി ലഭിക്കുന്ന അപേക്ഷകളും പരാതികളും അദ്ധ്യാപകരെ ഉപയോഗിച്ച് പരിശോധിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അദ്ധ്യാപകർക്ക് സർവ്വേ നടത്തുന്നതിന് മുൻപ് നൽകിയ നിരക്കിൽ ഇതിന് ആനുകൂല്യങ്ങൾ നൽകുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എസ്.എം.വിജയാനന്ദ്,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും (സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ളാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി.) വകുപ്പിന് (ഇനം നം. , തീയതി: പ്രകാരം )
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

14.1.11 ലെ സർക്കാർ ഉത്തരവ് (കൈ) നം 16/2011/തസ്വഭവ യുടെ

## അനുബന്ധം

ദാരിദ്ര കുടുംബങ്ങളുടെ പട്ടിക (ബി.പി.എൽ ലിസ്റ്റ്) തയ്യാറാക്കുന്നതിനുള്ള

സൂചകങ്ങളും – അവയുടെ വെയിറ്റേജും

| ക്രമ നം | സൂചകങ്ങൾ | വെയിറ്റേജ് മാർക്ക് | റിമാർക്സ് |
|---|---|---|---|
| എ. ശേഷിക്കുറവിനെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
| 1. | സ്ത്രീ ഗൃഹനാഥയായ കുടുംബം | 05 | |
| 2. | അവിവാഹിതയായ അമ്മ/ഉപേക്ഷിക്കപ്പെട്ട സ്ത്രീ/വിധവ | 05 | |
| 3. | മാരകമായ രോഗങ്ങൾ– കാൻസർ, വൃക്കകളുടെ തകരാറ്, പക്ഷാഘാതം, എയിഡ്സ്, സ്ഥിരമായ കുഷ്ഠം, ഹൃദ്രോഗം, എന്നിവ | 05 | |
| 4. | സർക്കാർ–അർദ്ധ സർക്കാർ സ്ഥാപനങ്ങളിലോ, സ്വകാര്യ മേഖലയിലോ, സ്ഥിര വരുമാനമുള്ള തൊഴിൽ ഇല്ലാത്തവർ | 05 | |
| 5. | സ്കൂൾ വിദ്യാഭ്യാസം ഉപേക്ഷിച്ചവർ (20 വയസ്സിൽ താഴെ) | 05 | |
| 6. | വൃദ്ധർ (65 വയസ്സിനു മുകളിൽ) | 05 | |
| 7. | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ | 10 | |
| 8. | പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾ/മുഖ്യതൊഴിൽ അനുസരിച്ച് പ്രത്യേക പരിഗണന നൽകുന്ന കുടുംബങ്ങൾ<br><br>1. കൂലിവേല<br>2. പട്ടികജാതി<br>3. കർഷക തൊഴിലാളി<br>4. പരമ്പരാഗത മീൻപിടുത്തക്കാർ<br>5. പട്ടികവർഗം<br>6. കെട്ടിട നിർമ്മാണപണി സഹായി<br>7. മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ടവർ<br>8. ഹോട്ടൽ തൊഴിലാളികൾ<br>9. ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ<br>10. തയ്യൽക്കട/തയ്യൽജോലി/എംബ്രോയിഡറി<br>11. കയർ തൊഴിലാളി<br>12. ചുമട്ടുതൊഴിലാളി<br>13. വർക്ക്ഷോപ്പ് തൊഴിലാളികൾ<br>14. തട്ടുകട/പെട്ടിക്കട നടത്തുന്നവർ<br>15. തോട്ടം തൊഴിലാളി<br>16. അന്യഗൃഹങ്ങളിൽ വീട്ടുജോലി<br>17. കശുവണ്ടി തൊഴിലാളി<br>18. സ്വർണ്ണപ്പണിക്കാർ<br>19. ബീഡി തൊഴിലാളി<br>20. തെങ്ങ്/പന കയറ്റ തൊഴിലാളി<br>21. ബാർബർ<br>22. ഇരുമ്പു പണിക്കാർ (കൊല്ലപ്പണി)<br>23. നെയ്ത്ത്<br>24. പച്ചക്കറി കച്ചവടം<br>25. ക്ഷേത്യതര വസ്തുക്കൾ കൊണ്ടുനടന്ന് വിൽക്കുന്നവർ<br>26. ലോട്ടറി ടിക്കറ്റ് വില്പന<br>27. മത്സ്യ സംസ്കരണശാലകളിൽ ജോലി ചെയ്യുന്നവർ<br>28. വഴിയോര വാണിഭക്കാർ<br>29. കരകൗശല തൊഴിലാളി<br>30. മൺപാത്ര നിർമ്മാണം<br>31. ഈറ, മുള, പനമ്പ് പണിക്കാർ<br>32. അലക്കുകാർ | 10 | ഏതെങ്കിലും ഒരു വിഭാഗം |

| | | | |
|---|---|---|---|
| 9. | ആശ്രയ ഗുണഭോക്താവ് | 05 | |
| | ആകെ (എ) | 55 | |
| ബി. ഉപജീവനമാർഗങ്ങളെ അടിസ്ഥാനമാക്കിയുള്ള സൂചകങ്ങൾ | | | |
| 1. | വീട് വയ്ക്കുന്നതിന് ഭൂമിയില്ല | 10 | രണ്ടിൽ ഏതെങ്കിലും ഒന്നു മാത്രം ബാധകം |
| 2. | പുറമ്പോക്കിൽ താമസിക്കുന്നവർ | 20 | |
| 3. | വീടിന്റെ സ്ഥിതി | | |
| | എ. വീടില്ല | 10 | ഏതെങ്കിലും ഒന്നു മാത്രം ബാധകം |
| | ബി. കുടിൽ | 07 | |
| | സി. ഓല/പുല്ല് മേഞ്ഞത് | 05 | |
| | ഡി. ഭാഗികമായി പൂർത്തിയായത്/ ജീർണ്ണിച്ചത് | 03 | |
| 4. | സുരക്ഷിതമായ കക്കൂസില്ല | 05 | |
| 5. | 500 മീറ്റർ ചുറ്റളവിൽ കുടിവെള്ളം ലഭ്യമല്ല / കുന്നിൻ പ്രദേശങ്ങളിൽ 100 മീറ്ററിനുള്ളിൽ ലഭ്യമല്ല | 05 | |
| 6. | വൈദ്യുതി ലഭ്യമല്ല | 05 | |
| | ആകെ (ബി) | 45 | |
| | ആകെ (എ+ബി) | 100 | |

- ദാരിദ്ര്യ സൂചകത്തിന്റെ ഉപസൂചകങ്ങളിൽ ബാധകമായ ഒരു സൂചകം മാത്രമേ പരിഗണിക്കുകയുള്ളൂ.
- എ. വിഭാഗത്തിലെ 2,3,4,5,6,7 എന്നീ സൂചകങ്ങൾ ബാധിതമായ വ്യക്തികൾ ഒരു കുടുംബത്തിൽ ഒന്നിലധികമുണ്ടെങ്കിൽ ഓരോരുത്തർക്കും 5 മാർക്ക് വീതം നൽകുന്നതാണ് (കുടുംബത്തിന്റെ ആകെ മാർക്ക് 100 കവിഞ്ഞാലും ഇപ്രകാരം മാർക്ക് നൽകും).
- ഒന്നിലധികം കുടുംബങ്ങൾക്ക് ഒരേ മാർക്ക് ലഭിക്കുകയാണെങ്കിൽ മുൻഗണന നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡം ഉപയോഗിക്കാവുന്നതാണ്.

  (1) പട്ടിക വർഗ്ഗ വിഭാഗം

  (2) പട്ടിക ജാതി വിഭാഗം

  (3) പുറമ്പോക്കിൽ വസിക്കുന്നവർ

  (4) അവിവാഹിതയായ അമ്മ /ഉപേക്ഷിക്കപ്പെട്ട സ്ത്രീ/ വിധവ എന്നിവർ ഉൾപ്പെട്ട കുടുംബം

  (5) മാരകമായ രോഗം ബാധിച്ച വ്യക്തി / വ്യക്തികൾ ഉള്ള കുടുംബം

(6) ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തി/ വ്യക്തികൾ ഉള്ള കുടുംബം

(7) 65 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തി/ കൾ ഉള്ള കുടുംബം

(8) പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ

ഈ മാനദണ്ഡങ്ങളെല്ലാം ഉപയോഗിച്ചിട്ടും തുല്യമാർക്ക് ലഭിക്കുകയാണെങ്കിൽ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ (കൂടുതലുള്ളവർക്ക് മുന്തിയ പരിഗണന) മുൻഗണന നിശ്ചയിക്കാവുന്നതാണ്.

കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ.** ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു കൊണ്ട് **ഉത്തരവ്** പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.( കൈ)നം. 112/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 27/04/2012**

---

**പരാമർശം:- സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 4/01/2011.**

<u>**ഉത്തരവ്**</u>

**പരാമർശ**ത്തിലെ സർക്കാർ ഉത്തരവ് പ്രകാരം **ബി.പി.എൽ.** ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ബി.പി.എൽ.** ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് പുറമേ താഴെ പറയുന്ന പ്രകാരം എപിഎൽ, ബിപിഎൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

**ബി.പി.എൽ.** പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്:-

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
ബി) ആദായനികുതി ഒടുക്കുന്നവർ
സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

മേൽ പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ **ബി.പി.എൽ.** പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്:-

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
ബി) മാനസികവും ശാരീരികവുമായും വൈകല്യമുള്ളവർ
സി) ഓട്ടിസം ബാധിച്ചവർ
ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ

ഇ) എയ്ഡ്സ്, കാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും
എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും
ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. ( ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം , തീയതി പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം- 3

# കേരള സർക്കാർ

## സംഗ്രഹം

ഭക്ഷ്യപൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 - മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പട്ടിക തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ(സാധാ)നം.320/2017/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി, 18.09.2017

=====================================================

പരാമർശം: - 1) 14.01.11 ലെ സ.ഉ(കൈ)നം.16/11/ത.സ്വ.ഭ.വ
2) 27.04.12 ലെ സ.ഉ(കൈ)നം.112/12/ത.സ്വ.ഭ.വ
3) സിവിൽ സപ്ലൈസ് കമ്മീഷണറുടെ 31.08.2017 ലെ (സി.എസ്)എ6-19331/17 നം. കത്ത്.

## ഉത്തരവ്

1) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. ആയത് പ്രകാരം റാങ്കിംഗ് നടത്തി തയ്യാറാക്കിയ പട്ടികയിൽ ധാരാളം അനർഹർ കടന്നു കൂടുകയും അർഹർ ഒഴിവായിപോകുകയും ചെയ്തു എന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടതിനാലും പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ വകുപ്പ് 3(13) പ്രകാരം അന്തിമ മുൻഗണനാ പട്ടിക തുടർച്ചയായി പുനരവലോകനം നടത്തി അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും നിലവിലെ മാനദണ്ഡങ്ങളിൽ ശ്രദ്ധയിൽ പ്പെടുത്തപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

2)

a) സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ/സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ (പാർട്ട് ടൈം ജീവനക്കാർ, താൽക്കാലിക ജീവനക്കാർ, ക്ലാസ് 4 തസ്തികയിൽ പെൻഷനായവർ, 5,000/-രൂപയിൽ താഴെ പെൻഷൻ വാങ്ങുന്നവർ, 10,000/-രൂപയിൽ താഴെ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നവർ ഒഴികെ)

b) ആദായ നികുതി ഒടുക്കുന്നവർ

c) പ്രതിമാസ വരുമാനം 25000 രൂപയ്ക്ക് മുകളിലുള്ളവർ

d) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ)

e) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ

f) നാല് ചക്ര വാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവന മാർഗ്ഗമായ ടാക്സി ഒഴികെ)

g) കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ഉള്ളവർ;

എന്നിവർ ഉൾപ്പെടുന്ന കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

3)

a) പരമ്പരാഗത/അസംഘടിത തൊഴിലാളികളുടെ കുടുംബങ്ങൾ

b) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മാനദണ്ഡങ്ങൾ പ്രകാരം ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾ (സാമ്പത്തിക സ്ഥിതിയിൽ മാറ്റം വന്നിട്ടില്ലെങ്കിൽ)

c) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പട്ടിക പ്രകാരം - സാമ്പത്തിക അവസ്ഥയ്ക്ക് വലിയ ഉയർച്ച ഉണ്ടായിട്ടില്ലെങ്കിൽ)

d) പട്ടിക വർഗ്ഗം (ഖണ്ഡിക 2 (a) യിൽപെടുന്നവർ ഒഴികെ)

e) കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയിഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, കിഡ്നി, ഹൃദയ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം പോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

f) നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ / ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ;

എന്നിവരെ പരിശോധിച്ച് യോഗ്യതയുണ്ടെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

4) ഇതുകൂടാതെ പരമ്പരാഗത തൊഴിൽ മേഖല, അസംഘടിത തൊഴിൽ മേഖല എന്നിവയ്ക്ക് പ്രത്യേകമായും എസ്.ടി, എസ്.സി ഉടങ്ങിയ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർക്കായുള്ള പരിഗണനകൾക്ക് പ്രത്യേകമായും മാർക്ക് നൽകി ഉൾപ്പെടുത്തേണ്ടതാണ്.

5) തൊഴിൽരഹിതർ എന്ന നിലയിൽ മാർക്ക് നൽകുന്നത് കുടുംബനാഥൻ/നാഥ/വീട്ടിലെ മുതിർന്ന സംരക്ഷണ ചുമതലയുള്ള അംഗം എന്നിവർക്കായി പരിമിതപ്പെടുത്തേണ്ടതാണ്.

6) ഇപ്രകാരം അർഹരെ ഉൾപ്പെടുത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും ഉതകുന്ന രീതിയിൽ കൃത്യമായ അന്വേഷണം നടത്തി ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനും അങ്ങനെ വരുന്ന മാറ്റങ്ങൾ സർക്കാർ അനുമതിയോടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ.എ.എസ്.**
**സ്പെഷ്യൽ സെക്രട്ടറി**

1. സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
2. സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
3. തദ്ദേശ സ്വയംഭരണ വകുപ്പ്
4. സാമൂഹ്യ നീതി വകുപ്പ്
5. പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
6. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി
8. ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ